**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1325** **30-08-2022 - ൽ മറുപടിയ്ക്ക്**

**ലോകനാർക്കാവ് പിൽഗ്രിം ടൂറിസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ലോകനാർക്കാവ് പിൽഗ്രിം ടൂറിസവുമായി ബന്ധപ്പെട്ട് നിലവിലെ കൊട്ടാരം പുനരുദ്ധരിക്കുന്നതിന് പദ്ധതിയുണ്ടോ എന്നറിയിക്കാമോ; എങ്കിൽ പ്രസ്തുത പദ്ധതി ഏത് ഏജൻസി വഴിയാണ് നടത്താൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ? | (എ) | ലോകനാർക്കാവ് പിൽഗ്രിം ടൂറിസവുമായി ബന്ധപ്പെട്ട് നിലവിലെ കൊട്ടാരം പുനരുദ്ധരിക്കുന്നതിന് പദ്ധതിയില്ല. എന്നാൽ തലശ്ശേരി പൈതൃക പദ്ധതിയുടെ ഒന്നാംഘട്ടത്തിന്റെ ഭാഗമായി കിഫ്ബി ഫണ്ട് ഉപയോഗിച്ച് ലോകനാർക്കാവ് ക്ഷേത്രത്തിന്റെ നവീകരണത്തിനും ടൂറിസ്റ്റ് സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി 6.69 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നിലവിൽ 3.78 കോടി രൂപയുടെ പ്രവൃത്തികൾക്ക് കരാർ ഒപ്പുവച്ചു. ഈ കരാറിൽ കോവിലകം പുനരുദ്ധരിക്കുന്നതിനും അവിടെ ഫോക് ലോർ മ്യൂസിയം ആക്കുന്നതിനും കൂടി 97.8 ലക്ഷത്തിന്റെ പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതി കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ വഴിയാണ് നടപ്പിലാക്കിവരുന്നത്. |

സെക്ഷൻ ഓഫീസർ